(ഇ) തൃശ്ശൂർ ജില്ലയിൽ എക്സൈസ് വകുപ്പിന്റെ വക സ്ഥലത്ത് ഒരു ട്രെയിനിംഗ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയതു വഴി സമഗ്രമായ പരിശീലനം ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(എഫ്) സ്വന്തമായി ഒരു പരിശീലന കേന്ദ്രം ആരംഭിച്ച് അതുവഴി ആധുനിക പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നു.

തിരുവനന്തപുരം ജില്ലയിലേക്കുള്ള എക്സൈസ് ഗാർഡ് നിയമനം

39 [3325] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലേക്കുള്ള എക്സൈസ് ഗാർഡ് തസ്തികയിലേക്ക് നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ നിന്ന് നാളിതുവരെയായി എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) ഇപ്പോൾ എത്ര ഒഴിവുകളുണ്ട്; അവ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ എത്ര എക്സൈസ് ഗാർഡുമാർ സ്പെഷ്യൽ ഡ്യൂട്ടിയിലുണ്ട്; ഈ സ്ഥാപനങ്ങളിൽ പി.എസ്.സി. ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 114 പേരെ നിയമിച്ചു.

(ബി) 27 ഒഴിവുകൾ. അവ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 27 എക്സൈസ് ഗാർഡുമാരെ സ്പെഷ്യൽ ഡ്യൂട്ടിയിൽ ചെക്ക് പോസ്റ്റുകളിൽ നിയമിച്ചിട്ടുണ്ട്. ഈ ചെക്ക് പോസ്റ്റുകൾ സർക്കാർ അംഗീകൃത ചെക്ക് പോസ്റ്റുകൾ അല്ലാത്തതിനാൽ ഇവയിലേക്ക് എക്സൈസ് ഗാർഡുമാരുടെ തസ്തിക അനുവദിച്ചിട്ടില്ല.

അന്നപൂർണ്ണ പദ്ധതി

40 [3327] ശ്രീ. ഉമേഷ് ചള്ളിയിൽ :

,, ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുവേണ്ടിയുള്ള അന്നപൂർണ്ണ പദ്ധതി സർക്കാർ വേണ്ടെന്നു വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ പദ്ധതി തുടർന്ന് കൊണ്ടുപോകാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടി വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) കേന്ദ്ര സർക്കാർ 44980 ഗുണഭോക്താക്കളെയാണ് അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ളത്. അതിൽ 40436 ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി അനുസരിച്ച് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി വിതരണം ചെയ്തു വരുന്നു. ബാക്കി 4544 പേരെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നടപ്പു വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയുടെ നടത്തിപ്പിനായി 297 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വ്യാപകമാകുന്ന ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ തടയാൻ നടപടി

41 [3328] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമാകുന്ന ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ തടയുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് ഭക്ഷ്യവകുപ്പ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ധാന്യം, പഴം, പച്ചക്കറി രംഗത്ത് അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നവയിൽ അധികവും അമിതമായ രാസവസ്തു, കീടനാശിനി, നിറവസ്തു പ്രയോഗം നടത്തി ആകർഷകമായി വിൽപ്പനയ്ക്ക് എത്തിക്കുന്നവയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ഡി) മാരക രോഗകാരികളായ രാസവസ്തുപ്രയോഗം നടത്തിയ ഭക്ഷ്യ വസ്തുക്കൾ നിയന്ത്രിക്കാനും നിരോധിക്കാനും സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യാപകമാകുന്ന ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ തടയുന്നതിന് 1954-ലെ കേന്ദ്ര ഭക്ഷ്യ മായം ചേർക്കൽ നിരോധന നിയമപ്രകാരം സംസ്ഥാന ആരോഗ്യവകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ടി നിയമവും ചട്ടവും അനുശാസിക്കും പ്രകാരം ട്രെയിനിംഗ് ലഭിച്ച 60 ഫുഡ് ഇൻസ്പെക്ടർമാർ ഗ്രാമപ്രദേശത്തും 20 ഫുഡ് ഇൻസ്പെക്ടർമാർ മുനിസിപ്പൽ പ്രദേശത്തും അവരവരുടെ അധികാരപരിധിയിൽ വരുന്ന സ്ഥലങ്ങളിൽ നിന്നും നിയമാനുസരണം സാമ്പിളുകൾ ശേഖരിച്ച് ടി സാമ്പിളുകൾ അതാത് അനലിറ്റിക്കൽ ലബോറട്ടറികളിൽ പരിശോധിച്ചുവരുന്നു. ടി പരിശോധനയിൽ മായം കലർത്തിയിട്ടുള്ളതായി തെളിഞ്ഞാൽ കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly